"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.ഹരുൺ ഹരിദാസ്.കെ -യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.594/2025/LSGD തീയതി,തിരുവനന്തപുരം, 03-03-2025

പരാമർശം:-

1. 04.12.1999ലെ ജി ഒ (എം എസ്) നം.228/99/എൽഎസ്ജിഡി നമ്പർ ഉത്തരവ്
2. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17.01.2000ലെ എ1-4400/99 നമ്പർ നടപടിക്രമം
3. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.04.2000ലെ എ1-4400/99 നമ്പർ നടപടിക്രമം
4. തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ല ജോയിന്റ് ഡയറക്ടറുടെ 18.03.2023ലെ LSGD/JD/633/2023-A8 നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.09.2024ലെ LSGD/PD/10811/2024-DEC4 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. ഹരുൺ ഹരിദാസ് - ന്റെ പ്രബേഷൻ കാലയളവ് 14.07.2007 തീയതി വരെ ദീർഘിപ്പിക്കുന്നതിനായി അനുബന്ധ രേഖകൾ സഹിതം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. പരാമർശം (1) , (2) ഉത്തരവുകൾ പ്രകാരം 28/01/2000 തീയതിയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.ഹരുൺ ഹരിദാസ്-ന്റെ ക്ലാർക്ക് തസ്തികയിലെ നിയമനം പരാമർശം (3) പ്രകാരം ടിയാൻ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചിട്ടുണ്ട് എന്നും ടിയാൾ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം. ഒ.പി. പരീക്ഷ വിജയിക്കാത്തതിനാൽ ടിയാളുടെ പ്രൊബേഷൻ 28/01/2002 മുതൽ ഒരു വർഷത്തേക്ക് പരാമർശം (4) പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ടെന്നും 12/07/2007 ൽ ടിയാൾ എം ഒ പി പരീക്ഷ വിജയിച്ചിട്ടുണ്ടെന്നും കെ പി ഇ പി എഫ് , എസ് എൽ ഐ , ജി ഐ എസ് എന്നിവയിൽ അംഗത്വമെടുത്തിട്ടുണ്ടെന്നും ടിയാളുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവില്ലില്ലെന്നും ഈ സാഹചര്യത്തിൽ ശ്രീ. ഹരുൺ ഹരിദാസ്, എം.ഒ.പി യോഗ്യത നേടിയ 12/07/2007 തീയതിയുടെ അടുത്ത ദിവസമായ 13/07/2007 തീയതി പ്രാബല്യത്തിൽ ടിയാളുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് 28/01/2003 മുതൽ 14/07/2017 വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 12.07.2007 ൽ MoP പാസ്സായ കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. ഹരുൺ ഹരിദാസ് — ന്റെ പ്രൊബേഷൻ 13.07.2007 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ്, KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 28/01/2003 മുതൽ 14/07/2007 വരെ ദീർഘിപ്പിച്ച് ഉത്തരവാകാവുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

2.ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, കോഴിക്കോട് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.സെക്രട്ടറി, ഓമശ്ശേരി ഗ്രാമപഞ്ചായത്ത് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീ.ഹരുൺ ഹരിദാസ്, ക്ലർക്ക്, ഓമശ്ശേരി ഗ്രാമപഞ്ചായത്ത് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള. തിരുവനന്തപുരം/ തൃശ്ശൂർ

6.ഡയറക്ടർ. ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.177/ഇപിഎ1/2021-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 04-03-2025 12:54:43